# പ്രസിദ്ധീകരണത്തിന്

## നൂറുദിന കർമ്മപരിപാടി: 'Poultry Clubs in Schools', NLM ഗോസമൃദ്ധി കന്നുകാലി ഇൻഷ്വറൻസ് പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം സംഘടിപ്പിച്ചു.

സംസ്ഥാനത്തെ അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് താറാവ്/ കോഴി കുഞ്ഞുങ്ങളെ മൃഗസംരക്ഷണവകുപ്പ് മുഖേന സൗജന്യമായി നൽകുന്ന 'പൊൻ ചിറകുകൾ' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ബഹു. മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ: ബിന്ദു കൃഷ്ണ കൊല്ലത്തെ പ്രാക്കുളം എൻ.എസ്.എസ്. ഹയർസെക്കൻ്ററി സ്കൂളിൽ വച്ച് 15/09/2026 ന് രാവിലെ തൃക്കരുവ ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റ് റോസമ്മ മാർഷൽ അധ്യക്ഷ ആയ ചടങ്ങിൽ നിർവഹിച്ചു. കേന്ദ്ര ഗവൺമെൻ്റിൻ്റെ കൂടി സഹായത്തോടെ ക്ഷീരകർഷക്കായി നടപ്പാക്കുന്ന "എൻ.എൽ.എം- "ഗോസമൃദ്ധി" കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയും തദവസരത്തിൽ മന്ത്രി ഉദ്ഘാടനം ചെയ്തു.

നാടൻ താറാവിനങ്ങളുടെ സംരക്ഷണത്തിനൊപ്പം കുട്ടികളുടെ വ്യക്തിത്വവികസനം, സാമൂഹ്യക്ഷേമം, ഭക്ഷ്യഭദ്രത എന്നിവ കൈവരിക്കുന്നതിനാണ് 'പൊൻചിറകുകൾ' പദ്ധതിയെന്ന് മന്ത്രി പറഞ്ഞു. തുച്ഛമായ 437/- രൂപ പ്രീമിയത്തിൽ 10000 ൽ പരം കന്നുകാലികൾക്കും ക്ഷീരകർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി ക്ഷീരമേഖലയ്ക്ക് ആശ്വാസമാണെന്നും മന്ത്രി സദസ്സിനെ ഓർമ്മിപ്പിച്ചു. മൃഗസംരക്ഷണ വകുപ്പിലെ കേരള സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന്റെ 2026-27 സാമ്പത്തിക വർഷത്തെ പദ്ധതികളായാണ് 'Poultry Clubs in Schools', NLM ഗോസമൃദ്ധി കന്നുകാലി ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുന്നത്.

ഇൻഷ്വറൻസ് പദ്ധതിയുടെ ഈ വർഷത്തെ ആദ്യ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് തിരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകന് അതേ വേദിയിൽവച്ച് കൈമാറി. പൊൻ ചിറകുകൾ' പദ്ധതിയുടെ ഭാഗമായി തുടർദിവസങ്ങളിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 220 സ്കൂളുകളിലെ 11000 വിദ്യാർത്ഥികൾക്ക് 5 നാടൻ താറാവ് / കോഴി കുഞ്ഞുങ്ങളെയും, അവയ്ക്കുള്ള മരുന്നും മൂന്ന് കിലോ തീറ്റയും വീതം സൗജന്യമായി വിതരണം ചെയ്യും.

മൃഗസംരക്ഷണ വകുപ്പിൻ്റെ 'പൗൾട്രി ക്ലബ് ഇൻ സ്കൂൾസ്' പദ്ധതിയുടെ ഭാഗമായാണ് 'പൊൻ ചിറകുകൾ' പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പാക്കുന്നത്. 'താറാവിന് കുഞ്ഞുങ്ങളുടെ ശാസ്ത്രീയ പരിപാലനം' എന്ന വിഷയത്തിൽ സെമിനാറും അതേ വേദിയിൽ സംഘടിപ്പിക്കപ്പെട്ടു. പ്രാക്കുളം NSS ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. സിന്ധു കെ. സ്വാഗതം ആശംസിച്ചു. തൃക്കരുവ ഗ്രാമപഞ്ചായത്ത് വൈസ്

പ്രസിഡന്റ് ശ്രീമതി ലത ചന്ദ്രബാബു, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ശില്പ നായർ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ശ്രീമതി ഗീതു ജി. എസ്., ശ്രീ. അനിൽ കുമാർ, ശ്രീമതി ജയകുമാരി എന്നിവർ ആശംസകൾ അറിയിച്ചു. കൊല്ലം ജില്ലാ മൃഗസംരക്ഷണ ഓഫീസർ ചടങ്ങിന് നന്ദി രേഖപ്പെടുത്തി.